# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 8140

24.07.2012-ൽ മറുപടിക്ക്.

### മംഗലപുരം ലൈഫ് സയൻസ് പാർക്ക്

### ഭൂമി ഏറ്റെടുക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) മംഗലപുരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്കിനു വേണ്ടി ഇതു വരെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു; | (എ) മംഗലപുരത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്കിനു വേണ്ടി ഇതു വരെ 40.03 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) നോട്ടിഫൈ ചെയ്ത ഭൂമി വിട്ടു നൽകാൻ തയ്യാറായിട്ടും ഏറ്റെടുക്കാൻ തയ്യാറാകാത്തതു മൂലമുണ്ടാകുന്ന ഭൂഉടമകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിരമായി പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) നിലവിൽ ഭൂമി നൽകാൻ തയ്യാറായ ഭൂഉടമകളുടെ ഭൂമി, പദ്ധതിയുടെ രണ്ടാംഘട്ട നടപ്പാക്കലിൽപ്പെട്ട (അഴൂർ - ശാസ്തവട്ടം റോഡിന് തെക്കുവശം) 159 ഏക്കറിൽപ്പെട്ടതാണ്. എന്നാൽ ഈ 159 ഏക്കർ സ്ഥലത്തിലെ 127.21 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി പല റിട്ട് ഹർജികളിന്മേൽ കേരള ഹൈക്കോടതി സ്റ്റേ ഉത്തരവിറക്കിയിട്ടുണ്ട്. സ്ഥലം നൽകാൻ തയ്യാറായവരുടെ ഭൂമി ഈ 127.21 ഏക്കർ ഭൂമിയ്ക്ക് പുറകിൽ പലതായി വിഭജിച്ച് കിടക്കുന്നതിനാൽ കേരള ഹൈക്കോടതി ഈ 127.21 ഏക്കർ ഭൂമിയുടെ മേലുള്ള സ്റ്റേ പിൻവലിച്ച് തടസ്സം നീക്കിയാൽ മാത്രമേ ഭൂമി നൽകാൻ തയ്യാറായ ഭൂഉടമകളുടെ ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. മാത്രമല്ല ഈ സ്ഥലങ്ങൾ ഏറ്റെടുക്കാൻ സർക്കാർ നോട്ടിഫൈ ചെയ്ത് നൽകിയ സമയം കഴിഞ്ഞതിനാൽ റീനോട്ടിഫൈ ചെയ്തതിനുശേഷം മാത്രമേ ഈ സ്ഥലങ്ങൾ ഏറ്റെടുക്കുവാനുള്ള നടപടികൾക്ക് തുടക്കമിടാൻ കഴിയുകയുമുള്ളൂ. |

സെക്ഷൻ ഓഫീസർ